# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1818** **16-02-2016-ൽ മറുപടിയ്ക്ക്**

**റവന്യൂ റിക്കവറി വിഭാഗത്തിൽ പി.എസ്.സി. വഴി നിയമനം**

| | ചോദ്യം<br>ശ്രീ. ബി. സത്യൻ | | മറുപടി<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിലെ റവന്യൂ റിക്കവറി വിഭാഗത്തിൽ സർക്കാർ സർവീസിൽ നിന്ന് വിരമിച്ചവരെയും 65 വയസ്സ കഴിഞ്ഞവരെയും തുടരാൻ അനുവദിക്കുന്നത് എന്തു മാനദണ്ഡത്തിലാണ് ; | (എ) | സർക്കാർ സർവീസിലെ (റവന്യൂ വകുപ്പ്) വില്ലേജ് ഓഫീസർ തസ്തികയിൽനിന്നും വിരമിച്ച വ്യക്തികളുടെ സേവനം കെ.എസ്.എഫ്.ഇ. യുടെ റവന്യൂ റിക്കവറി വിഭാഗത്തിൽ ഉപയോഗിച്ച് വരുന്നുണ്ട്. പ്രസ്തുത വ്യക്തികളുടെ ലാന്റ് സർവേയിലുള്ള പ്രാവീണ്യം ഉപയോഗപ്പെടുത്തുന്നതിനു വേണ്ടിയാണിത്. |
| (ബി) | റവന്യൂ വകുപ്പിൽ നിന്നും പെൻഷൻ പറ്റിയ ഒരു സംഘം വ്യക്തികൾ വർഷങ്ങളായി ജോലി ചെയ്യുന്ന കെ.എസ്.എഫ്.ഇ. റവന്യൂ റിക്കവറി വിഭാഗത്തെക്കുറിച്ച് പരാതികൾ ലഭിച്ചിട്ടും സർക്കാർ നടപടിയെടുക്കാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | അത്തരത്തിലുള്ള പരാതികളൊന്നും ലഭിച്ചതായി കാണുന്നില്ല. |
| (സി) | പ്രസ്തുത വിഭാഗത്തിലേക്ക് പി.എസ്.സി. വഴി നിയമനം നടത്താൻ നടപടിയെടുക്കുമോ; വിശദമാക്കുമോ? | (സി) | പി.എസ്.സി.വഴി നിയമനം നടത്തുന്ന വിഷയം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.